## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :2871

18.06.2018-ൽ
മറുപടിയ്ക്ക്

## കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്കിലെ ജീവനക്കാരുടെ പരാതി

*ചോദ്യം*
ശ്രീ.പി.സി. ജോർജ്

*ഉത്തരം*
പ്രൊഫ.സി.രവീന്ദ്രനാഥ്
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഐ.എച്ച്.ആർ.ഡി.യുടെ നിയന്ത്രണത്തിലുള്ള കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്കിലെ പ്രിൻസിപ്പാൾ വി.ജെ. മണികണ്ഠകുമാറിന് 2011 ജനുവരി 1 മുതൽ 2014 ഡിസംബർ 31 വരെ കാലയളവിൽ എത്ര ദിവസത്തെ ഡ്യൂട്ടിലീവ് അനുവദിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ശ്രീ. വി.ജെ.മണികണ്ഠകുമാറിന്റെ 01/01/2011 മുതൽ 19/10/2014 വരെയുള്ള ഡ്യൂട്ടി ലീവിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.<br>1)01.01.2011 മുതൽ 31/12/2011 വരെ - 82 ദിവസം<br>2)01.01.2012 മുതൽ 31/12/2012 വരെ- 111 ½ ദിവസം<br>3)01.01.2013 മുതൽ 31/12/2013 വരെ- 118 ½ ദിവസം<br>4)01.01.2014 മുതൽ 19/10/2014 വരെ- 71 ½ ദിവസം<br>20.10.2014 മുതൽ 31.12.2015 വരെ ഡ്യൂട്ടിലീവ് എടുത്തിട്ടില്ല.<br>ആകെ = 383 ½ ദിവസം |
| (ബി) | 2016 ജൂൺ 28 ന് കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്കിലെ ജീവനക്കാർ പ്രസ്തുത കോളേജിലെ പ്രിൻസിപ്പാൾ വി.ജെ. മണികണ്ഠകുമാറിനെതിരെ ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് | (ബി) & (സി) | കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്കിലെ ജീവനക്കാർ 28/06/2016 ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് നൽകിയ പരാതിയിൽ പറയുന്ന ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ 2 |

| | | | |
|---|---|---|---|
| | നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയിട്ടുള്ള അന്വേഷണ റിപ്പോർട്ടിന്റെയും അനുബന്ധരേഖകളുടെയും പകർപ്പ് ലഭ്യമാക്കുമോ;വിശദമാക്കുമോ; | | അന്വേഷണ റിപ്പോർട്ടിന്റെയും പകർപ്പുകൾ അനുബന്ധം I, II ആയി ചേർത്തിട്ടുണ്ട്. ഗുരുതരമായ വസ്തുതകളൊന്നും അന്വേഷണത്തിൽ കണ്ടെത്തിയതായി റിപ്പോർട്ട് ചെയ്തിട്ടില്ല. അന്വേഷണ കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിന്റെ സുഗമമായ നടത്തിപ്പിനായി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സ്ഥാപനം സന്ദർശിക്കുകയും എല്ലാ ജീവനക്കാരുടെയും മീറ്റിംഗ് വിളിച്ച് കൂട്ടി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത വ്യക്തിക്കെതിരെയുള്ള അന്വേഷണത്തിൽ എന്ത് വസ്തുതയാണ് കണ്ടെത്തിയത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

-151- (1)

അനുബന്ധം - I

29.08.2016

നം. ഡി/626 /2016/സിഎഎസ്എംവികെ

14886/16/HRD

പ്രേഷിത,

ലത പി

എൻക്വയറി ഓഫീസർ

സ്വീകർത്താവ്,

ബഹു. ഡയറക്ടർ

ഐ എച്ച് ആർ ഡി

HUMAN RESOURCES DEVELOPMENT INSTITUTE ... ANDRUM 01 ... 2016

സർ,

വിഷയം:- ഐ എച്ച് ആർ ഡി - കരുനാഗപ്പള്ളി മോഡൽ പോളിപ്രിൻസിപ്പാൾ വി. ജെ മണികണ്ഠകുമാറിനെതിരെയുള്ള പരാതി - അന്വേഷണം സംബന്ധിച്ച്.

സൂചന:- പ്രൊ. നം. EA2/10940/2011/എച്ച്ആർഡി തീയതി 12.08.2016.

സൂചനപ്രകാരം 26.08.2016 വെള്ളിയാഴ്ച 10:30 ന് അന്വേഷണ ഓഫീസർ കരുനാഗപ്പള്ളി മോഡൽ പോളിയിലെത്തി വിവരശേഖരണം നടത്തിയതിന്റെ റിപ്പോർട്ട് ബഹു. ഐ എച്ച് ആർ ഡി ഡയറക്ടർ മുൻപാകെ സമർപ്പിക്കുന്നു. ആയതിന്റെ മുന്നോടിയായി അന്വേഷണത്തിന് പോളിയിലെത്തുന്ന വിവരം രേഖാമൂലം പ്രിൻസിപ്പാളിനെയും, ജീവനക്കാരേയും കൈപ്പറ്റ് രസീത് സഹിതം അറിയിച്ചിരുന്നു.

അന്നേദിവസം വൈകുന്നേരം 5:30 വരെ നീണ്ട വിവരശേഖരണത്തിൽ പ്രിൻസിപ്പാളും പരാതിയിൽ ഒപ്പിട്ടിട്ടുള്ള മുഴുവൻ ജീവനക്കാരും പൂർണ്ണമായി സഹകരിച്ചു. പ്രിൻസിപ്പൽ വി. ജെ മണികണ്ഠകുമാർ, പരാതിയിൽ ഒപ്പിട്ടിട്ടുള്ള ഐ എച്ച് ആർ ഡി യുടെ സ്ഥിരം ജീവനക്കാർ എന്നിവരുടെ സംഭാഷണങ്ങളിൽ നിന്നും, മൊഴികളിൽ നിന്നും എനിയ്ക്ക് മനസിലാക്കാൻ കഴിഞ്ഞ കാര്യങ്ങൾ ബോധിപ്പിക്കുന്നു.

<u>കണ്ടെത്തലുകൾ</u>

1. മനുഷ്യ നേത്രങ്ങൾക്ക് ഗോചരമായ വിധത്തിൽ പ്രിൻസിപ്പാളിന്റെ ഓഫീസ്, ലാബ്, ഓഫീസ് തുടങ്ങിയ സ്ഥലങ്ങളിൽ ഒളിക്യാമറകൾ സ്ഥാപിച്ചിട്ടില്ല.
2. ഫോൺ ചോർത്തലിനെപ്പറ്റി പ്രിൻസിപ്പാൾ തന്നെ ജീവനക്കാരോട് പറഞ്ഞിട്ടുണ്ട്. അത് അദ്ദേഹം സമ്മതിച്ചിട്ടുണ്ട്.
3. ജീവനക്കാരെ ഭയപ്പെടുത്താനായി തമാശയ്ക്ക് പറഞ്ഞതാണെന്നാണ് പ്രിൻസിപ്പാൾ അന്വേഷണ ഉദ്യോഗസ്ഥയോട് പറഞ്ഞിട്ടുള്ളത്.
4. ഓഫീസ് അസിസ്റ്റന്റ് രവീന്ദ്രൻപിള്ളയുടെയും വനിതാ അദ്ധ്യാപകരുടെയും മൊഴികൾ വളരെ ഗൗരവമേറിയതാണ്.
5. ഐ എച്ച് ആർ ഡി യുടേയും ഗവൺമെന്റിന്റെയും വിവിധ കമ്മിറ്റികളിൽ അംഗമായിരുന്നതിനാൽ ധാരാളം 'On Duty' എടുക്കേണ്ടി വന്നിട്ടുണ്ട്. എല്ലായിടത്തു നിന്നും അറ്റൻഡൻസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. കിട്ടിയത് സൂക്ഷിച്ചിട്ടുണ്ട്.
6. 2010 ൽ കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക്കിൽ പ്രിൻസിപ്പാളായി ചാർജെടുത്തതു മുതൽ താത്കാലിക ജീവനക്കാരെ ആശ്രയിച്ചാണ് ഓഫീസ് കാര്യങ്ങളും മറ്റും നടത്തുന്നത്. സ്ഥിരം ജീവനക്കാരെ സംശയത്തിന്റെ നിഴലിൽ നിർത്തിയിരിക്കുകയാണ്.
7. അദ്ധ്യാപകരുൾപ്പെടെ പതിനഞ്ചോളം സ്ഥിരം ജീവനക്കാരാണ് പരാതിക്കാർ. വനിതാ ജീവനക്കാർ കൂടുതലുള്ള സ്ഥാപനത്തിൽ ഭയാശങ്കകൾ നിറഞ്ഞ അന്തരീക്ഷമാണുള്ളത്.
8. പ്രിൻസിപ്പാളിന് സ്ഥിരം ജീവനക്കാരെ വിശ്വാസമില്ല. ആയതിനാലാണ് താത്കാലിക ജീവനക്കാരെക്കൊണ്ട് ജോലികൾ ചെയ്യിക്കുന്നത്.

(2)

[redacted]

9. ഈ വർഷം (2016) പ്രായക്കൂടുതൽ കാരണം ജോലിയ്ക്ക് എടുക്കാൻ കഴിയാതിരുന്ന താത്കാലിക ജീവനക്കാരിൽ നിന്നാണ് ക്യാമറ സംബന്ധിച്ചും, ഫോൺ ചോർത്തൽ സംബന്ധിച്ചുമുള്ള വിവരങ്ങൾ ജീവനക്കാരറിയുന്നത്.
10. സ്ഥിരം ജീവനക്കാരൊരാൾ പോലും മണികണ്ഠകുമാർ എന്ന വ്യക്തിയെപ്പറ്റി മോശമായി പറഞ്ഞിട്ടില്ല.

<u>നിർദ്ദേശങ്ങൾ</u>

1. പതിനഞ്ചോളം വരുന്ന സ്ഥിരം ജീവനക്കാരെ വിശ്വാസത്തിലെടുത്തു കൊണ്ട് പ്രിൻസിപ്പാൾ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിയ്ക്കുക.
2. ഭയപ്പെടുത്തൽ ഒഴിവാക്കി, സൗഹാർദ്ദപരമായ അന്തരീക്ഷത്തിൽ മാസത്തിൽ ഒരിക്കലെങ്കിലും ജീവനക്കാരുടെ മീറ്റിംഗുകൾ കൂടി പരസ്പരം ചർച്ച ചെയ്ത് കാര്യങ്ങൾ തീരുമാനിക്കുക.
3. ഫണ്ടിംഗിന് ധാരാളം സാദ്ധ്യതകളുള്ള ഈ സ്ഥാപനത്തെ ഉന്നതിയിലേക്ക് എത്തിക്കുന്നതിന് ജീവനക്കാരുടെ കൂട്ടായ പ്രവർത്തനം നടത്തുക.

ബഹു. ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ പ്രിൻസിപ്പാളും ജീവനക്കാരുമായി ചർച്ചനടത്തിയാൽനിസാരമായി തീർക്കാവുന്ന പ്രശ്നമാണിത്. ഇത്തരം വിഷയങ്ങൾ കേരളത്തിലെ സാങ്കേതികവിദ്യാഭ്യാസ മേഖലയിൽ മുൻപന്തിയിലേക്ക് കുതിക്കേണ്ട ഐ എച്ച് ആർ ഡി യുടെ സ്ഥാപനങ്ങളെ തകർച്ചയിലേക്ക് നയിക്കുകയുള്ളൂ എന്നതുകൊണ്ട് ബഹു. ഡയറക്ടർ അടിയന്തിരമായി ഈകാര്യത്തിലിടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

(ഒപ്പ്) 29/8

ലത പി

എൻക്വയറി ഓഫീസർ

ഉള്ളടക്കം:- ജീവനക്കാരുടെ മൊഴി.

(ഒപ്പ്)

സെക്ഷൻ ഓഫീസർ

20/04/2017

From

Dr. Jacob Thomas V

Enquiry Officer, Principal, CE Kallooppara

To

The Director

IHRD, Trivandrum

Sir,

Sub: IHRD-MPT Karunagappaly- Complaint received against Mr. Manikandakumar VJ- Principal-Reg

Ref: Proceedings No. EA2/10940/20111/HRD dated 12/04/17 of the Director- IHRD-TVM

As per the reference cited above, notice was issued to all concerned parties regarding the spot enquiry to be conducted at MPT Karunagappaly on 19/04/17 by email as well as by speed post. The receipt of this is attached.

A detailed enquiry was conducted at MPT Karunagappally on 19/04/17 from 10.00 AM onwards. All concerned staff who signed the complaint except Mr. Raveendran Pillai K-Office Asst - were present and gave their statements. From the discussion and statements given by the parties, following findings may be submitted

**Findings**

1. All the concerned parties stick firmly to their statements given to the enquiry officer who conducted enquiry on 26th August 2016.
2. No fresh complaints were given during this enquiry.
3. 10 CCTV cameras were installed in common places like verandahs, exit points, library, hostel, Principal's room etc using the fund received from MHRD. On physical verification, no hidden cameras were seen installed in the college office and staff rooms during this enquiry.
4. Only, Mr. Shaisa P- Lib Asst. (Now working as Librarian Gr-IV at CE KPY) alleged that his phone was tapped. But, he failed to produce any documentary evidence to prove it. His allegation was based only on some indirect hear say.
5. No other staff has stated that they have direct involvement/experience regarding hidden camera and phone tapping incidents.
6. Regarding "ON DUTY " issue, Principal has showed the orders and records of additional duties assigned to him over & above that of Principal's post and as per the written/oral instruction from the Director, he has travelled to many places and "charge" register/records are kept in his office. He has claimed TA/DA in most of the cases as sanctioned from the Head Office.
7. He also showed the extra duty register regarding the duties assigned to staff during holidays and vacations.
8. After the first enquiry, a staff meeting was held. In that meeting, Principal has admitted that he was joking about hidden cameras placed in office, in order to threaten some staff.

He also apologized about the inappropriate comments made against some staff during his private meetings.

9. After the staff meeting, Principal has been distributing the work among the permanent staff as well as earned leave issue has been solved to some extent.
10. Some staff stated that there is a slight improvement in the working atmosphere of the college after the first enquiry. But, they are not sure whether it will last long.
11. It is found that still there is not much mutual confidence/trust between the Principal & regular staff due to some misunderstanding and ego issues.

**Conclusions/Recommendations**

1. All the findings given in the first enquiry report stand valid.
2. In order to prove the allegation of phone tapping, further detailed enquiry by the competent authority is needed.
3. Regarding the claiming of TA/DA for "ON DUTY", further cross verification of sanction orders from other offices is required.
4. A cordial working atmosphere should be restored at the college by taking the regular staff also into confidence and assigning more duties to them.

***DR. Jacob Thomas V.***

***Enquiry officer, Principal C.E. Kallooppara***

***Encls:***

***1-Orginal statements***

ലെജിസ്‌ലേറ്റീവ് സെക്രട്ടറി